I/311662/2023

വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്
മൂന്നാം നില, വികാസ് ഭവൻ
തിരുവനന്തപുരം, പിൻ: 695033
തീയതി: 12-01-2023
ഫോൺ : 0471-2302722

**സർക്കുലർ**

വിഷയം:- വ്യവസായം - ജീവനക്കാര്യം - ജീവനക്കാരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ SCORE മുഖേന സമർപ്പിക്കുന്നത് - സംബന്ധിച്ച്

സൂചന :- 1) സ. ഉ (സാധാ) നം. 3113/2021/പൊ.ഭ.വ. തീയതി 18.08.2021
2) ഈ ഓഫീസിലെ 08.1.2020, 29.12.2021, 28.01.2022, 06.10.2022, 08.11.2022 തീയതികളിലെ സർക്കുലറുകൾ

വിവര സാങ്കേതിക വിദ്യ അടിസ്ഥാനമാക്കി സർക്കാർ ജീവനക്കാരുടെ സേവനകാര്യങ്ങൾ ഡിജിറ്റലൈസ് ചെയ്യുന്നതിന്റെ ഭാഗമായി സെപ്റ്റംബർ 1 മുതൽ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ ധനകാര്യ (ഐ.റ്റി. സോഫ്റ്റ് വെയർ) വകുപ്പ് വികസിപ്പിച്ചെടുത്ത SCORE എന്ന വെബ് അധിഷ്ഠിത സോഫ്റ്റ് വെയർ മുഖേന (www.score.kerala.gov.in) സമർപ്പിക്കുവാൻ നിർദേശം നൽകികൊണ്ട് സർക്കാർ ഉത്തരവായിരുന്നു. 2023 വർഷത്തേക്കുള്ള DPC യുമായി ബന്ധപ്പെട്ട പ്രവർത്തങ്ങൾ പുരോഗമിച്ച് വരുന്ന സാഹചര്യത്തിൽ വിവിധ തസ്തികകളിലേക്കുള്ള ഫീൽഡ് ഓഫ് ചോയിസിൽ ഉൾപ്പെടുത്തുന്നതിനായി അർഹരായ ജീവനക്കാരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ ആവശ്യപ്പെട്ടുകൊണ്ട് ഈ ഓഫീസിൽ നിന്നും നിരവധി സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുള്ളതാണ്.. എന്നാൽ നാളിതുവരെയായി പല ജീവനക്കാരും മേൽ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. ഇത് ജീവനക്കാരുടെ പ്രൊമോഷനുമായി ബന്ധപ്പെട്ട തുടർ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കും. ടി സാഹചര്യത്തിൽ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിനുള്ള സമയ പരിധി **20.01.2023-** വരെ ദീർഘിപ്പിച്ചിട്ടുണ്ട്. ടി സമയപരിധിക്കുള്ളിലും കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിക്കാത്ത ജീവനക്കാരെ 2023 വർഷത്തെ DPC - യിൽ ഉൾപ്പെടുത്തുന്നതല്ല എന്ന് അറിയിക്കുന്നു. അത്തരം സാഹചര്യം ഉണ്ടാകുന്ന പക്ഷം ആയതിന്റെ പൂർണ്ണമായ ഉത്തരവാദിത്വം അതാത് ജീവനക്കാർക്ക് മാത്രമായിരിക്കും എന്നും അറിയിക്കുന്നു. നിയന്ത്രണ ഉദ്യോഗസ്ഥൻ ബന്ധപ്പെട്ട ജീവനക്കാർക്കു സർക്കുലറിന്റെ പകർപ്പ് നൽകി കൈപ്പറ്റു രസീത് വാങ്ങി സൂക്ഷിക്കേണ്ടതും ജീവനക്കാർ കണ്ടു ബോധ്യപ്പെട്ട വിവരം മൂന്നു ദിവസത്തിനുള്ളിൽ ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതുമാണ്.

Signed by
Mini T R
Date: 12-01-2023 12:33:35

S. HARIKISHORE I A S
DIRECTOR

I/311662/2023

സ്വീകർത്താവ് :

1) ഡയറക്ടർ, കയർ വികസന ഡയറക്ടറേറ്റ്, തിരുവനന്തപുരം
2) ഡയറക്ടർ, കൈത്തറി വസ്ത്ര ഡയറക്ടറേറ്റ്, തിരുവനന്തപുരം
3) ജനറൽ മാനേജർ ( എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളും)
4) ഡെപ്യൂട്ടി ഡയറക്ടർ, CFSC ചങ്ങനാശ്ശേരി
5) അസ്സിസ്സ്റ്റന്റ് ഡയറക്ടർ, CFSC മഞ്ചേരി
6) വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ ബന്ധപ്പെട്ട ജീവനക്കാർ
7) ഡെപ്യൂട്ടി ഡയറക്ടർ IT സെക്ഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി)